"ഭരണഭാഷ മാതൃഭാഷ"

കൊറ്റനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

കൊറ്റനാട് പി.ഒ, പത്തനംതിട്ട ജില്ല- 689615

E-Mail: kottanadgp@gmail.com ഫോൺ : 0469 2773253,9496042607

819519/2026-27 13/10/2026

ഇ ദർഘാസ് പരസ്യം

കൊറ്റനാട് ഗ്രാമ പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ LED തെരിവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ, ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർ എന്നിവരിൽനിന്ന് മത്സര സ്വഭാവമുള്ള ഇദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ഒരു പോസ്റ്റിൽ 9w ന്റെ ഒരു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിനുള്ള എല്ലാ ഫിറ്റിംഗിന്റെ വിലയും കയറ്റ് ഇറക്ക് കൂലി യാത്രാച്ചിലവ് ഉൾപ്പെടെ ഉള്ള നിരക്ക്

ക്രമ നം	പ്രോജക്റ്റ് നം.	പ്രോജക്റ്റിൻറെ പേര്	വിശദാംശങ്ങൾ	അടങ്കൽ	നിരത ദ്രവ്യം	ഫാറം വില
1	91/2026-27	തെരുവ് വിളക്ക് സ്ഥാപിക്കൽ	9 W LED Bulb with all fittings	500000/-	12500/-	1000+GST

ഇ-ദർഘാസുകൾ 28-10-2026 വൈകുന്നേരം 5 മണി വരെ https://etenders.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സമർപ്പിക്കാവുന്നതും, ഹാർഡ് കോപ്പി 31/10/2026 വൈകുന്നേരം 3 മണിക്കകം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലഭിക്കേണ്ടതുമാണ്. ഇ-ദർഘാസുകൾ 31/10/2026 വൈകുന്നേരം 4 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

<u>ദർഘാസ് നിബന്ധനകള്</u>

1. വിതരണം ചെയ്യുന്ന സാധന സാമഗ്രികൾ BIS/ ISI നിലവാരമുള്ളതായിരിക്കണം
2. സാധനങ്ങളുടെ എല്ലാ നികുതികളും ഉൾപ്പെടെ ഒരെണ്ണത്തിൻറെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. എല്ലാ നികുതികളും കയറ്റിറക്ക് ചാർജ്ജും ഉൾപ്പെടെയുള്ള നിരക്കാണ് ടെണ്ടറിൽകാണിക്കേണ്ടത്.
4. ടെണ്ടർസമർപ്പിക്കുന്ന കവറിനുപുറത്ത് പ്രവർത്തിയുടെ പേര് വ്യക്തമായി എഴുതേണ്ടതാണ്.
5. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ഇ-ദർഘാസുകളുടെ ഹാർഡ് കോപ്പികൾയാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.
6. അടങ്കലിൻറെ 5% തുക സെക്യൂരിറ്റി ഒടുക്കേണ്ടതാണ്. വാറൻറി കാലാവധിക്ക് ശേഷം മാത്രമേ സെക്യൂരിറ്റി തുക തിരികെ നല്കുകയുള്ളൂ.
7. സാധനങ്ങൾക്ക് യാതൊരു സാഹചര്യത്തിലും അഡ്വാൻസ് നൽകുന്നതല്ല.
8. ഒരോ തവണയും സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പഞ്ചായത്ത് കമ്മറ്റി പരിശോധിച്ച് തൃപ്തിപ്പെട്ടതിനു ശേഷം മാത്രമേ തുക അനുവദിക്കുയുള്ളൂ.
9. ദർഘാസുകളോടൊപ്പം 200/- രൂപ മുദ്രപത്രത്തിൽപ്രഥമിക കരാർഉള്ളടക്കം ചെയ്യേണ്ടതാണ്.
10. സർക്കാര് ഉത്തരവ് പ്രകാരം നിരതദ്രവ്യം ഒഴിവാക്കിയിട്ടുള്ള സ്ഥാപനമാണെങ്കില് ആയത് സംബന്ധിച്ച ഉത്തരവിൻറെ പകർപ്പ് ടെണ്ടിറിനോപ്പം സമർപ്പിക്കിക്കേണ്ടതാണ്.
11. ഏതൊരു ദർഘാസും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.
12. ടെണ്ടർഅംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം പഞ്ചായത്തുമായി കരാറിൽഏർപ്പെടേണ്ടതും സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക ഒടുക്കേണ്ടതുമാണ്.
13. ടെണ്ടറിന് പ്രൊക്യൂർമെൻറ് മാനുവല്,സ്റ്റോർപർച്ചേസ് മാനുവൽപ്രകാരമുള്ള എല്ലാ നിബന്ധനകളും മറ്റ് സർക്കാർഉത്തരവുകളും ഇതിന് ബാധകമായിരിക്കും.
14. ടെണ്ടർസമർപ്പിക്കുന്ന കരാറുകാരുടെ, ജി.എസ്.ടി രജിസ്ട്രേഷൻസർട്ടിഫിക്കറ്റ്,മുൻപരിചയവും, സംബന്ധമായ രേഖകൾ,എന്നിവ അപേക്ഷയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
15. കരാറുകാരനൻപ്രവർത്തി ചെയ്യുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട കെ.എസ്സ്.ഇ.ബി. ആഫീസിൽസ്വന്തം ഉത്തരവാദിത്വത്തിൽഅറിയിക്കേണ്ടതും സുരക്ഷ ഉറപ്പ് ആക്കി ചെയ്യേണ്ടതുമാണ്.
16. പ്രവർത്തിയിലേർപ്പെടുന്ന തൊഴിലാളിയുടെ അപകട ഇൻഷുറൻസ് പരിരക്ഷ സംബന്ധിച്ച ബാദ്ധ്യത പൂർണമായും കരാറുകാരന് മാത്രമായിരിക്കും..
17. ദർഘാസുകൾസംബന്ധിച്ച വിശദ വിവരങ്ങൾകൊറ്റനാട് ഗ്രാമപഞ്ചായത്തിൽനിന്നും പ്രവർത്തി സമയങ്ങളിൽഅറിയാവുന്നതാണ്. ഏതെങ്കിലും കാരണവശാൽദർഘാസ് തുറക്കുന്ന തീയതി അവധി ആയാൽതൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസ് സംബന്ധിച്ചുള്ള എല്ലാ നടപടികളും മുൻദിവസത്തെ സമയക്രമത്തിൽനടത്തുന്നതായിരിക്കും.ദർഘാസ് സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

സെക്രട്ടറി
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

Office of the Kottanad Grama Panchayat, Pathanamthitta District, Pin 689 615, Kottanad P.O.

സെക്രട്ടറി
കൊറ്റനാട് ഗ്രാമപഞ്ചായത്ത്